G2/14962/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 21.05.2020

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -കോവിഡ് 19 -ലോക്ക് ഡൗൺലോഡ് ന് ശേഷം കോളേജുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- ബഹു.കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദേശം

*********

ലോകത്ത് പടർന്നുപിടിച്ച കൊറോണ വൈറസ് ബാധയെ തുടർന്ന് സംസ്ഥാനത്ത് ലോക് ഡൗൺ പ്രഖ്യാപിച്ചിരുന്ന സാഹചര്യത്തിൽ വകുപ്പിന് കീഴിലുള്ള എല്ലാ കോളേജുകളും അടയ്ക്കുകയും ജാഗ്രത പാലിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ലോക് ഡൗൺ കാലഘട്ടം അവസാനിക്കാറായതിനാലും പുതിയ അധ്യായന വർഷം ആരംഭിക്കുന്നതിനാലും ആയതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- എല്ലാ കോളേജുകളും 2020 ജൂൺ ഒന്നിനു തന്നെ തുറന്നു പ്രവർത്തിപ്പിക്കുന്നതിന്ആവശ്യമായനടപടികൾ സ്വീകരിക്കേണ്ടതാണ്.
- റഗുലർ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയുന്നതു വരെ ഓൺലൈനിൽ ക്ലാസ്സുകൾ നടത്തണം.
- അധ്യാപകർ അക്കാദമിക് കലണ്ടർ അനുസരിച്ച് ഓൺലൈൻ ക്ലാസുകൾ നടത്തുന്നുണ്ടെന്നും വിദ്യാർത്ഥികൾ അതിൽ പങ്കാളികളാകുന്നുണ്ടെന്നും പ്രിൻസിപ്പൽമാർ ഉറപ്പാക്കണം.
- ഓൺലൈൻ ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകരുടെയും പങ്കെടുക്കുന്ന വിദ്യാർഥികളുടെയും കൃത്യമായ ഹാജർ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും യഥാസമയം ബന്ധപ്പെട്ടവർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
- ഓൺലൈൻ പഠന സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർഥികൾക്ക് ക്ലാസുകൾ ലഭിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തണം.
- കൊറോണ വൈറസ് ബാധയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ആയിരിക്കണം കോളേജുകൾ തുറന്നു പ്രവർത്തിക്കേണ്ടത്.
- സർവകലാശാലാ പരീക്ഷകളിൽ പങ്കെടുക്കുന്നതിന് വിദ്യാർഥികൾക്ക് സൗകര്യപ്രദമായ രീതിയിൽ പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചു ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ആരോഗ്യ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മൂല്യനിർണയം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
- ഓൺലൈൻ പഠനരീതിയ്ക്ക് ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് വിക്ടേഴ്സ് ചാനൽ പോലെ ടിവി/ഡിടിഎച്ച്/റേഡിയോ ചാനൽ തുടങ്ങിയവ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 21.05.2020
Reason: Approved

ഒപ്പ്/-
**വിഗ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1..എല്ലാ ഡി.ഡി.മാർക്കും.(പ്രൈവറ്റ് കോളേജുകളെ അറിയിക്കുന്നതിനായി )

2.എല്ലാ കോളേജ് പിൻസിപ്പൽമാർക്കും.